(ബി) പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകയാൽ അവയെ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്, പഞ്ചായത്ത് ഡയറക്ടറാഫീസ് എന്നിവയുമായി ഓൺലൈനിലൂടെ ബന്ധപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(സി) പദ്ധതി രൂപീകരണം, മോണിറ്ററിംഗ്, സമർപ്പണം എന്നിവ ഓൺലൈൻവഴി നടപ്പാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പഞ്ചായത്തുകളിലെ കമ്പ്യൂട്ടർവൽക്കരണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി നൽകുന്നു.* അവശേഷിക്കുന്ന 8 പഞ്ചായത്തുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമാകും.

(ബി) തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ജില്ലാ പഞ്ചായത്ത്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസ്, പഞ്ചായത്ത് ഡയറക്ടർ ആഫീസ് എന്നിവ ഓൺലൈനായി ബന്ധിപ്പിക്കുന്നതിനായി ബി.എസ്.എൻ.എല്ലുമായി ചേർന്ന് ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം, സമർപ്പണം എന്നിവ ഐ.കെ.എം രൂപകൽപ്പന ചെയ്ത 'സുലേഖ' സോഫ്റ്റ് വെയർ ഉപയോഗിച്ച് 4 വർഷമായി ഇലക്ട്രോണിക്കായി നടപ്പാക്കി വരികയാണ്. പദ്ധതി മോണിട്ടറിംഗ് ഇപ്പോൾ 'ഡയൽ അപ്' വഴി ഓൺലൈനായി ചെയ്യുന്നതിന് സംവിധാനമുണ്ട്. എന്നാൽ പദ്ധതി സാങ്കേതിക ഉപദേശക സമിതി (ബ്ലോക്ക് തലം, ജില്ലാ തലം, സംസ്ഥാന തലം) കളിൽ പരിശോധിക്കുന്നതും തുടർന്ന് ജില്ല ആസൂത്രണ സമിതി അംഗീകാരം ലഭ്യമാക്കി നടപടി ഉത്തരവ് എടുക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ സി.ഡി.-യിലാണ് കൊണ്ടുപോകുന്നത്. ഓൺലൈൻ ആക്കുന്നതിനായി ബി.എസ്.എൻ.എല്ലുമായി ചേർന്ന് ഒരു സംവിധാനം തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രവർത്തനം ടെസ്റ്റിംഗ് കഴിഞ്ഞ് പൂർത്തിയായി വരുന്നു. തദ്ദേശ ഭരണ സ്ഥാനപങ്ങളുടെ സഹകരണത്തോടെ താമസിയാതെ ഇതും ഓൺലൈൻ ആക്കാൻ കഴിയുന്നതാണ്.

സുസ്ഥിര നഗരവികസന പദ്ധതി പ്രകാരം പാലക്കാട് നഗരത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

152 (4776) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സുസ്ഥിര നഗര വികസന പദ്ധതി പ്രകാരം പാലക്കാട് നഗരത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം നൽകുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നും എത്ര പ്രവൃത്തികൾ പുരോഗമിക്കുന്നുവെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം പാലക്കാട് നഗരത്തിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ-സി) സുസ്ഥിര നഗര വികസന പദ്ധതി പ്രകാരം കേരളത്തിലെ അഞ്ച് കോർപ്പറേഷനുകളിലാണ് (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്) പ്രവൃത്തികൾ നടപ്പിലാക്കുന്നത്. പാലക്കാട് നഗരത്തെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സംസ്ഥാനത്തിനുവേണ്ടിയുള്ള സ്ഥലപരാസൂത്രണ പദ്ധതി

153 (4777) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരഗ്രാമാസൂത്രണ വകുപ്പിന്റെ ചുമതലയിൽപ്പെട്ട സംസ്ഥാനത്തിനുവേണ്ടിയുള്ള സ്ഥലപരാസൂത്രണ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ :

(ബി) പദ്ധതിയുടെ കഴിഞ്ഞ നാല് വർഷത്തെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(സി) വയനാട് ജില്ലയിൽ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-2-2007-ലെ സർക്കാർ ഉത്തരവ് നമ്പർ 354/2007/തസ്വഭവ. പ്രകാരം ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ ഓരോ ജില്ലയ്ക്കും സംയോജിത ജില്ലാ വികസന രൂപരേഖയും ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും പ്രാദേശിക വികസന രൂപരേഖകളും തയ്യാറാക്കുന്ന പദ്ധതി ഘട്ടം ഘട്ടമായി നടപ്പാക്കുന്നതിനും സംസ്ഥാനതല വികസന പരിപ്രേക്ഷ്യം രൂപീകരിക്കുന്നതിനുമുള്ള ഒരു പദ്ധതി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. സംസ്ഥാനതല വികസന പരിപ്രേക്ഷ്യം തയ്യാറാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലയിലും നഗരവൽക്കരണപഠനം പൂർത്തിയാക്കി.

(ബി) കൊല്ലം ജില്ലയിലെ പൈലറ്റ് പദ്ധതിയായി ഐ.ഡി.ഡി.പി. തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചു. ജില്ലയിൽ 5 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക വികസന രൂപരേഖകൾ തയ്യാറാക്കി. ആദ്യ ഘട്ടത്തിൽ ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ഐ.ഡി.ഡി.പി. എൽ.ഡി.പി. പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly